കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കൂടുതൽ ഉപലബ്ധികൾ (നിർബന്ധിതനിക്ഷേപം) ആക്റ്റ്, 1974

(11-11-1975-ൽ നിലവിലുള്ളത്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില: 0-70

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കൂടുതൽ ഉപലബ്ധികൾ
# (നിർബ്ബന്ധിതനിക്ഷേപം)
# ആക്റ്റ്, 1974

(11-11-1975-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# കൂടുതൽ ഉപലബ്ധികൾ (നിർബന്ധിതനിക്ഷേപം) ആക്റ്റ്, 1974

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

#### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. ഈ ആക്റ്റ് ബാധകമാകുന്ന ആളുകൾ.
4. ആക്റ്റിന് അധിപ്രഭാവമുണ്ടെന്ന്.

### അദ്ധ്യായം II

#### കൂടുതൽ ഉപലബ്ധികളുടെ നിർബന്ധിതനിക്ഷേപം

5. കൂടുതൽ കൂലി നിക്ഷേപ അക്കൗണ്ടും കൂടുതൽ ക്ഷാമബത്ത നിക്ഷേപ അക്കൗണ്ടും.
6. ഉപലബ്ധികളിൽനിന്ന് കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയും കിഴിവ് ചെയ്യാനുള്ള നിയോജകന്റേയും മററാളുകളുടേയും കർത്തവ്യം.
7. നിക്ഷേപങ്ങൾ സാധാരണപലിശ വഹിക്കുമെന്ന്.
8. ആദായനികുതിയുടെ ആവശ്യത്തിന് നികുതി നിശ്ചയിക്കുന്നത്.
9. നിക്ഷേപങ്ങൾ തിരിയെ കൊടുക്കുന്നത്.
10. പദ്ധതികൾ തയ്യാറാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.
11. പൂർണ്ണാങ്കമാക്കൽ.

### അദ്ധ്യായം III

#### പലവക

12. കൊടുക്കാനുള്ള തുകകൾ നിയോജകന്റെ നിർദ്ധനത്വത്തിന്റേയോ ലിക്വിഡേഷന്റേയോ സംഗതിയിൽ ആദ്യ ചാർജ്ജായിരിക്കുമെന്ന്.
13. സ്ഥാപനങ്ങളുടെ കൈമാററം.
14. ദണ്ഡനങ്ങൾ.
15. കമ്പനികളാലുള്ള കുററം.
16. കുററങ്ങൾ നടപടിക്കെടുക്കൽ.

17. ഒഴിവാക്കാനുള്ള അധികാരം.

18. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.

19. ജപ്തിക്ക് എതിരായ രക്ഷണം.

20. റിട്ടേണുകൾ ആവശ്യപ്പെടുന്നതിനും കണക്കുകൾ പരിശോധിക്കുന്നതിനുമുള്ള അധികാരം.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്കു സംരക്ഷണം.

22. ഈ ആക്ററിൻകീഴിൽ ചുമതലകൾ നിർവ്വഹിക്കുന്ന ആളുകൾ പബ്ലിക്ക് സർവൻറുമാരായിരിക്കുമെന്ന്.

23. കുടിശ്ശിക വസൂലാക്കൽ.

24. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

25. ചട്ടങ്ങളും പദ്ധതികളും പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.

26. വിഷമതകൾ നീക്കംചെയ്യാനുള്ള അധികാരം.

27. റദ്ദാക്കലും ഒഴിവാക്കലും.

---

# കൂടുതൽ ഉപലബ്ധികൾ (നിർബന്ധിത നിക്ഷേപം) ആക്റ്റ്, 1974

(1974 സെപ്റ്റംബർ, 1)

**ദേശീയ സാമ്പത്തിക വികസനത്തിന്റെ താത്പര്യത്തിന് വേണ്ടി കൂടുതൽ ഉപലബ്ധികളുടെ നിർബന്ധിതനിക്ഷേപത്തിനും അതു സംബന്ധിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥചെയ്യുന്നതിനുള്ള ആക്റ്റ്**

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന്, കൂടുതൽ ഉപലബ്ധികൾ (നിർബന്ധിതനിക്ഷേപം) ആക്റ്റ്, 1974 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) 14-ാം വകുപ്പ് ഒഴികെ ഇത് 1974 ജൂലൈ 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതും 14-ാം വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചിതദിവസ"ത്തിന്, 1974, ജൂലൈ 6-ാം തീയതി എന്നർത്ഥമാകുന്നു.

(ഖ) "കൂടുതൽ ക്ഷാമബത്ത"യ്ക്ക്, നിശ്ചിത ദിവസത്തിനുശേഷം അപ്പപ്പോൾ അനുവദിക്കുന്നതും കൂടുതൽ ക്ഷാമബത്തയ്ക്കുള്ള ആ അനുപാതം പ്രഭാവത്തിൽ വരേണ്ട തീയതിക്ക് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന നിരക്കനുസരിച്ച് കൊടുക്കേണ്ട ക്ഷാമബത്തത്തുകയ്ക്ക് ഉപരിയായിട്ടുള്ളതും ആയ ക്ഷാമബത്ത എന്ന് അർത്ഥമാകുന്നു.

വിശദീകരണം.—I ക്ഷാമബത്ത കൊടുക്കുന്നത് ജീവിതച്ചെലവു സൂചികയുമായോ മറേറതെങ്കിലും ഘടകവസ്തുതയുമായോ ബന്ധപ്പെടുത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ജീവിതച്ചെലവ് സൂചികയുള്ള ഏതെങ്കിലും വർദ്ധനയുടെ അനന്തരഫലമായോ, അങ്ങനെയുള്ള മററുഘടകവസ്തുതയിലെ ഏതെങ്കിലും മാററത്തിന്റെ അനന്തരഫലമായോ നിശ്ചിതദിവസത്തിനുശേഷമുള്ള ഏതെങ്കിലും സ്വതേ തന്നെയുള്ള ക്ഷാമബത്ത കൊടുക്കൽ, ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ എന്തുതന്നെ ആയാലും, കൂടുതൽ ക്ഷാമബത്തയായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം.—2 നിശ്ചിത ദിവസത്തിനുശേഷം, ഏതെങ്കിലും തസ്തികയിൽ പ്രവേശിക്കുന്ന ഒരു ജോലിക്കാരനെ സംബന്ധിച്ച് കൂടുതൽ ക്ഷാമബത്ത കണക്കുകൂട്ടുന്ന ആവശ്യത്തിന്, അങ്ങനെയുള്ള തസ്തിക സംബന്ധിച്ച് നിശ്ചിതദിവസത്തിനു തൊട്ടുമുമ്പ് കൊടുക്കേണ്ട ക്ഷാമബത്ത, അങ്ങനെയുള്ള ജോലിക്കാരൻ നിശ്ചിതദിവസം ആ തസ്തിക വഹിച്ചിരുന്നാലെന്നപോലെ അയാൾക്ക് കൊടുക്കേണ്ട ക്ഷാമബത്തയായി കരുതപ്പെടുന്നതും, മുൻപറഞ്ഞ ക്ഷാമബത്തയ്ക്ക് ഉപരിയായി അധികമുള്ള എന്തെങ്കിലും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ജോലിക്കാരനെ സംബന്ധിച്ച് കൂടുതൽ ക്ഷാമബത്തയായി കരുതപ്പെടുന്നതും ആകുന്നു.

(ഗ) "കൂടുതൽകൂലി"ക്ക് നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പു പ്രാബല്യത്തിലുള്ള നിരക്കുകൾ അനുസരിച്ച് ഒരു ജോലിക്കാരൻ കൊടുക്കേണ്ട കൂലിയ്ക്ക് ഉപരിയായുള്ളതും, ഏതെങ്കിലും കൂലി പുതുക്കലിന് അനുസൃതമായി, അത് കക്ഷികൾ തമ്മിലുള്ള കരാറോ ഒത്തുതീർപ്പോ, ഏതെങ്കിലും കോടതിയുടേയോ, ട്രിബ്യൂണലിന്റേയോ മററധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും അവാർഡോ, വിധിയോ, ഉത്തരവോ വഴിയോ, അതിൻ കീഴിലോ അല്ലെങ്കിൽ മററുവിധത്തിലോ ഉള്ളതായാലും, നിശ്ചിതദിവസത്തിനുശേഷമുള്ള ഏതെങ്കിലും കാലം സംബന്ധിച്ച്, ആ ജോലിക്കാരന് കൊടുക്കേണ്ടതായിത്തീരാവുന്നതും ആയ കൂലി എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ താഴെപ്പറയുന്നവ ഉൾപ്പെടാത്തതുമാകുന്നു :—

(i) നിശ്ചിതദിവസത്തിനു തൊട്ടുമുമ്പ് അയാൾ വഹിച്ചിരുന്ന തസ്തികയ്ക്ക് ബാധകമായ ടൈം-സ്കെയിൽ ശമ്പളമനുസരിച്ച്, ആ ജോലിക്കാരന് കിട്ടാനുള്ള ഏതെങ്കിലും ഇൻക്രിമെൻറും, തത്ഫലമായി നിശ്ചിതദിവസത്തിനു തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ കീഴിൽ അനുവദിക്കപ്പെടാവുന്ന ഏതെങ്കിലും ബത്തയിലുള്ള (ക്ഷാമബത്ത അല്ലാത്തത്) ഏതെങ്കിലും വർദ്ധന ;

(ii) ആ ജോലിക്കാരന്—

(ക) ഉയർന്ന തസ്തികയിലേക്കുള്ള അയാളുടെ ഉദ്യോഗക്കയററത്തിൻമേൽ കൊടുക്കേണ്ട ഏതെങ്കിലും ഉയർന്ന കൂലിയും അങ്ങനെയുള്ള ഉയർന്ന തസ്തികയിൽ അയാൾക്ക് കിട്ടാനുള്ളതും നിർണ്ണയിക്കപ്പെട്ട പരിധിക്കുള്ളിലുള്ളതുമായ ഏതെങ്കിലും ഇംക്രിമെൻറും ;

(ഖ) ഒരു തുല്യ തസ്തികയിലേക്കോ ഉയർന്ന ഉത്തര[illegible]തങ്ങ[illegible] കർത്തവ്യങ്ങളും ഉൾക്കൊള്ളുന്ന ഏതെങ്കിലും [illegible] ലേക്കോ അയാളുടെ ഡെപ്യൂട്ടേഷൻമേലോ മാറ[illegible] കൊടുക്കേണ്ട ഏതെങ്കിലും ഉയർന്ന കൂലിയും ;

(iii) ഏതെങ്കിലും പ്രത്യേക ജോലി ചെയ്യുന്നതിന് [illegible] ഏതെങ്കിലും പ്രത്യേക ശമ്പളം, ആണറേറിയം, ഫീ[illegible] പ്രതിഫലം;

(iv) ഓവർടൈം ജോലിക്കു കൊടുക്കേണ്ട ഏതെങ്കിലും [illegible]

(v) ഏററവും കുറഞ്ഞ കൂലി ആക്റ്റ്, 1948 (1948-ലെ [illegible] നിജപ്പെടുത്തിയ ഏററവും കുറഞ്ഞ കൂലിനിരക്കുക[illegible] തിന്റെ ഫലമായി കൂലിയിലുള്ള ഏതെങ്കിലും വർ[illegible]

(vi) കൂലിയിൽ—

(ക) മൂന്നാം കേന്ദ്ര ശമ്പളക്കമ്മീഷൻ ചെയ്തതോ;

(ഖ) സ്റേററ് ഗവൺമെൻറ് ആ ഗവൺമെൻറിൻെറ ജോലിക്കാരെ സംബന്ധിച്ച് നിയമിച്ച ഏതെങ്കിലും ശമ്പളക്കമ്മീഷൻ നിശ്ചിതദിവസത്തിനുമുമ്പ് ചെയ്തതോ;

(ഗ) പാർലമെൻറിൻേറയോ, സുപ്രീംകോടതിയുടേയോ, ഹൈക്കോടതിയുടേയോ ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച്, അതതു സംഗതിപോലെ, പാർലമെൻേറാ സുപ്രീംകോടതിയോ ഹൈക്കോടതിയോ നിശ്ചിതദിവസത്തിനുമുമ്പ് ഏർപ്പെടുത്തിയ ഏതെങ്കിലും കമ്മിററി ചെയ്തതോ,

ആയ ശിപാർശകൾക്ക് അനുസൃതമായി അനുവദിച്ച ഏതെങ്കിലും കൂലി വർദ്ധന.

വിശദീകരണം 1.—നിശ്ചിതദിവസത്തിനുശേഷം, ചെയ്യുന്ന ഏതെങ്കിലും കൂലി പുതുക്കൽ നിശ്ചിതദിവസത്തിനുമുമ്പുള്ള ഒരു തീയതി മുതൽ പ്രഭാവമുള്ളതായിരിക്കേണ്ടിടത്ത്, കൂടുതൽ കൂലി കണക്കുകൂട്ടുന്ന ആവശ്യങ്ങൾക്ക്, കൂലി അങ്ങനെയുള്ള കൂലി പുതുക്കലിനുമുമ്പുള്ള, നിശ്ചിതദിവസത്തിനു തൊട്ടുമുമ്പ് കൊടുക്കേണ്ട കൂലിയായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം 2.—നിശ്ചിതദിവസത്തിനുമുമ്പ് ഒടുവിൽ ഏതെങ്കിലും ബോണസ് കൊടുത്ത നിരക്കിന് ഉപരിയായ നിരക്കിൽ നിശ്ചിതദിവസത്തിനുശേഷം കൊടുക്കുന്ന ഏതെങ്കിലും ബോണസ്, (പ്രചോദന-ഉത്പാദന ബോണസ് ഉൾപ്പെടെ) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് കൂടുതൽ കൂലിയായി കരുതപ്പെടുന്നതാകുന്നു.

(ഘ) "ബാങ്ക്നിക്ഷേപനിരക്കി"ന്, ബാങ്കിങ്ങ് ക്രമപ്പെടുത്തൽ ആക്ററ്, 1949 (1949-ലെ 10)-ൻ കീഴിൽ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യ ബാങ്കിങ്ങ് കമ്പനികൾക്ക് നല്കുന്നതോ സാമാന്യമായി പുറപ്പെടുവിക്കുന്നതോ ആയ നിദേശങ്ങൾ അനുസരിച്ച് വ്യത്യസ്തതരം പട്ടിക ബാങ്കുകൾ (സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ വച്ചുപോരുന്നതോ ധർമ്മസ്ഥാപനങ്ങളോ മതസ്ഥാപനങ്ങളോ വച്ചുപോരുന്നതോ അല്ലാത്ത) വ്യത്യസ്തതരം നിക്ഷേപങ്ങളിൻമേൽ പലിശ കൊടുക്കാവുന്ന പരമാവധി നിരക്കുകളിൽ ഏററവും കൂടിയത് എന്ന് അർത്ഥമാകുന്നു.

(ങ) "ക്ഷാമബത്ത"ക്ക്, ജീവിതച്ചെലവിലുള്ള വർദ്ധന കാരണം ഒരു ജോലിക്കാരന് രൊക്കമായുള്ള എല്ലാ പണം കൊടുക്കലും—അതിന് എന്തു പേർ പറഞ്ഞാലും—എന്ന് അർത്ഥമാകുന്നു.

(ച) "നിക്ഷേപക്കണക്കി"ന്, 5-ാം വകുപ്പിൻകീഴിൽ ആരംഭിക്കുകയും വച്ചുപോരുകയും ചെയ്യുന്ന കണക്ക് എന്നർത്ഥമാകുന്നു.

(ഛ) "ഉപലബ്ധികളി"ൽ കൂലിയും ക്ഷാമബത്തയും ഉൾപ്പെടുന്നു.

(ജ) "നിയോജക" ന്,—

(i) ഫാക്ടറിയായ ഒരു സ്ഥാപനം സംബന്ധിച്ച്, ഫാക്ടറിയുടെ ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ, ഏജൻറ് ഉൾപ്പെടെ അങ്ങനെയുള്ള ഉടമസ്ഥനോ കൈവശക്കാരനോ എന്നും ഫാക്ടറികൾ ആക്ററ്, 1948 (1948-ലെ 63) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ച) ഖണ്ഡത്തിൻകീഴിൽ ഒരാൾ ഫാക്ടറിയുടെ മാനേജരായി പേരുപറയപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെ പേരുപറയപ്പെട്ടിട്ടുള്ള ആൾ എന്നും;

(ii) കേന്ദ്രഗവൺമെൻറിൻേറയോ സ്റേററ്ഗവൺമെൻറിൻേറയോ വകയായുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഒരു സ്ഥാപനം സംബന്ധിച്ച്, ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി സമുചിതഗവൺമെൻറ് നിയമിക്കുന്ന ആളോ, അധികാരസ്ഥാനമോ, അല്ലെങ്കിൽ അങ്ങനെയാതൊരാളെയും നിയമിച്ചിട്ടില്ലാത്തിടത്ത്, ബന്ധപ്പെട്ട വകുപ്പിൻെറ അദ്ധ്യക്ഷനോ എന്നും;

(iii) ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനത്തിൻെറ വകയായുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഒരു സ്ഥാപനം സംബന്ധിച്ച്, ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി അങ്ങനെയുള്ള അധികാരസ്ഥാനം നിയമിക്കുന്ന ആളോ, അല്ലെങ്കിൽ അങ്ങനെ യാതൊരാളേയും നിയമിച്ചിട്ടില്ലാത്തിടത്ത്, ആ തദ്ദേശാധികാരസ്ഥാപനത്തിലെ മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥനോ എന്നും;

(iv) മറേറതെങ്കിലും സംഗതിയിൽ, സ്ഥാപനത്തിൻെറ കാര്യങ്ങളിൻമേൽ അന്തിമനിയന്ത്രണമുള്ള ആളോ, അധികാരസ്ഥാനമോ എന്നും, മുൻപറഞ്ഞകാര്യങ്ങൾ മറേറതെങ്കിലും ആൾക്ക് ഭരമേല്പിക്കപ്പെട്ടിട്ടുള്ളിടത്ത്, ആ ആളെ മാനേജരെന്നോ മാനേജിങ്ങ് ഡയറക്ടർ എന്നോ മറേറതെങ്കിലും പേരിലോ പറഞ്ഞാലും, അങ്ങനെയുള്ള ആൾ എന്നും,

അർത്ഥമാകുന്നതും, അതിൽ മരിച്ചുപോയ നിയോജകൻെറ സംഗതിയിൽ, മരിച്ചുപോയ നിയോജകൻെറ നിയമാനുസൃത പ്രതിനിധി ഉൾപ്പെടുന്നതും ആകുന്നു.

(ഝ) "തദ്ദേശാധികാരസ്ഥാപന"ത്തിന്, ഏതെങ്കിലും മുനിസിപ്പൽ ഫണ്ടിൻേറയോ തദ്ദേശഫണ്ടിൻേറയോ നിയന്ത്രണത്തിനോ മാനേജുമെൻറിനോ നിയമപ്രകാരം അവകാശമുള്ളതോ, നിയന്ത്രണമോ മാനേജുമെൻേറാ കേന്ദ്രഗവൺമെൻറിനാലോ സ്റേററ്റുഗവൺമെൻറിനാലോ ഭരമേല്പിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും മുനിസിപ്പൽ കമ്മിററിയോ ജില്ലാബോർഡോ, തുറമുഖകമ്മിഷണർമാരുടെ നികായമോ, പഞ്ചായത്തോ മററ് അധികാരസ്ഥാനമോ എന്ന് അർത്ഥമാകുന്നു.

(ഞ) "നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാന"ത്തിന്, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന അധികാരസ്ഥാനം എന്നർത്ഥമാകുന്നതും, വ്യത്യസ്തമായ ആവശ്യങ്ങൾക്ക് വ്യത്യസ്തമായ അധികാരസ്ഥാനങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെടാവുന്നതും ആണ്.

(ട) "വിജ്ഞാപന"ത്തിന്,ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ഠ) "നിർണ്ണയിക്കപ്പെടുന്ന"എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഡ) "പദ്ധതി"യ്ക്ക്, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു.

(ഢ) "വിനിർദ്ദിഷ്ടാധികാരസ്ഥാന"ത്തിന്, 5–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു.

(ഞ) "കൂലി" എന്നാൽ, പ്രകടമോ വ്യംഗ്യമോ ആയ നിയോജനനിബന്ധനകൾ നിറവേററപ്പെടുന്നുവെങ്കിൽ, ഒരാൾക്ക് തൻെറ നിയോജനം സംബന്ധിച്ചോ നിയോജനത്തിൽ ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ചോ കൊടുക്കാൻ ഉണ്ടാകുന്നതും, പണമായി പറയപ്പെട്ടതോ പറയപ്പെടാൻ കഴിയുന്നതോ ആയതും ആയ എല്ലാ വേതനവും (ശമ്പളമായോ ബത്തയായോ ഉള്ളതോ മററുവിധത്തിൽ ഉള്ളതോ ആയിരുന്നാലും) എന്ന് അർത്ഥമാകുന്നതും,

അതിൽ,—

(i) കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും കരാറിനോ ഒത്തുതീർപ്പിനോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ ട്രിബൂണലിൻേറയോ മററ് അധികാരസ്ഥാനത്തിൻേറയോ ഏതെങ്കിലും അവാർഡിനോ, വിധിയ്ക്കോ, ഉത്തരവിനോ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും വേതനവും;

(ii) നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് ഓവർറൈറം പ്രവൃത്തിയോ ഒഴിവുദിവസങ്ങളോ അവധിയുടെ ഏതെങ്കിലും കാലാവധിയോ സംബന്ധിച്ച് അവകാശമുള്ള ഏതെങ്കിലും വേതനവും;

(iii) ലാഭം പങ്കിടുന്ന ഒരു പദ്ധതിയിൻകീഴിലായിരുന്നാലും അല്ലെങ്കിലും, ബോണസ് ഉൾപ്പെടെ നിയോജനനിബന്ധനകൾക്ക് കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും കൂടുതൽ വേതനവും;

(iv) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ തയ്യാറാക്കപ്പെട്ട ഏതെങ്കിലും പദ്ധതിയിൻകീഴിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് അവകാശമുള്ള ഏതെങ്കിലും തുകയും;

(v) ഭവനസൗകര്യത്തിന് കൊടുക്കുന്ന ഏതെങ്കിലും ബത്തയും, അല്ലെങ്കിൽ ഭവനസൗകര്യം നല്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള സൗകര്യത്തിൻെറ മൂല്യവും, വിദ്യുച്ഛക്തിയോ വെള്ളമോ അല്ലെങ്കിൽ രണ്ടുമോ നല്കുന്നതിൻെറ മൂല്യവും, വൈദ്യസഹായമോ മററുസൗകര്യമോ നല്കുന്നതിൻെറ മൂല്യവും,

ഉൾപ്പെടുന്നതും, എന്നാൽ—

(1) നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേക്കോ പ്രാവിഡൻറു ഫണ്ടിലേക്കോ കൊടുക്കുന്ന ഏതെങ്കിലും അംശദായവും, അതിൻമേൽ ഉളവായിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും പലിശയും;

(2) ഏതെങ്കിലും യാത്രാബത്തയും അല്ലെങ്കിൽ റണ്ണിങ്ങ്ബത്തയും അല്ലെങ്കിൽ ഏതെങ്കിലും യാത്രാസൗജന്യത്തിൻെറ മൂല്യവും ;

(3) നിയോജിക്കപ്പെട്ട ആൾക്ക് തൻെറ നിയോജനത്തിൻെറ പ്രകൃതം ആവശ്യമാക്കിത്തീർത്തിട്ടുള്ള പ്രത്യേക ചെലവുകൾ നേരിടുന്നതിനു കൊടുക്കുന്നതും പ്രതിവർഷം ഇരുനൂററമ്പത് രൂപയിൽ കവിയാത്തതും ആയ ഏതെങ്കിലും തുകയും ;

(4) നിയോജനം അവസാനിപ്പിക്കുന്നതിൻമേൽ കൊടുക്കേണ്ട ഏതെങ്കിലും നഷ്ടപരിഹാരവും അല്ലെങ്കിൽഗ്രാററുവിററിയും;

(5) ഏതെങ്കിലും ക്ഷാമബത്തയും ;

|ടാത്തതും ആകുന്നു.

L.

3. ഈ ആക്ററ് ബാധകമാകുന്ന ആളുകൾ.—ഈ ആക്ററ്—

(ക) കേന്ദ്രഗവൺമെൻറിൻേറയും അല്ലെങ്കിൽ സ്റേററ്ഗവൺമെൻറിൻേറയും ;

(ഖ) തദ്ദേശാധികാരസ്ഥാനത്തിൻേറയും ;

(ഗ) കമ്പനികൾ ആക്ററ്, 1956, 591-ാം വകുപ്പിൻെറ അർത്ഥത്തിലുള്ള വിദേശക്കമ്പനിയും, ആ ആക്ററ് 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഗവൺമെൻറു കമ്പനിയും ഉൾപ്പെടെ കമ്പനി ആക്ററ്, 1956 (1956-ലെ, 1) 3-ാം വകുപ്പിൽ നിർവചിച്ചപ്രകാരമുള്ള കമ്പനിയുടേയും ;

(ഘ) കേന്ദ്ര ആക്ററിനാലോ പ്രവിശ്യാ ആക്ററിനാലോ സ്റേററ് ആക്ററിനാലോ, അല്ലെങ്കിൽ അതിൻകീഴിലോ സ്ഥാപിക്കപ്പെടുകയോ രജിസ്ററർ ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ള സംഘമോ നികായമോ ഉൾപ്പെടെയുള്ള മറേറതെങ്കിലും ഏകാംഗീകൃതനികായത്തിൻേറയും ;

(ങ) തങ്ങളുടെ ജോലിക്കാർക്ക് കൊടുക്കുന്ന ഉപലബ്ധികളിൽ നിന്ന് ഉദ്ഭവസ്ഥാനത്ത് ആദായനികുതി കിഴിവുചെയ്യാൻ ആദായനികുതി ആക്ററ്, 1961 (1961-ലെ 41) ആവശ്യപ്പെടുന്ന ഏതെങ്കിലും വ്യക്തിയുടേയും ആളുകളുടെ സമാജത്തിൻേറയും വ്യക്തിയുടെ നികായത്തിൻേറയും പങ്കാളിത്തഫേമിൻേറയും അല്ലെങ്കിൽ ഹിന്ദു അവിഭക്ത കുടുംബത്തിൻേറയും ;

(ച) ധർമ്മപരമോ മതപരമോ ആയ ആവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള ഒരു ട്രസ്ററിനോ ഫണ്ടിനോ സ്ഥാപനത്തിനോ ഇൻഡ്യയിൽ ഉടമാവകാശം ഉണ്ടായിരിക്കുകയോ ആ ട്രസ്റേറാ ഫണ്ടോ സ്ഥാപനമോ ഇൻഡ്യയിൽ നിലനിറുത്തിപ്പോരുകയോ ചെയ്യുന്നതും തങ്ങളുടെ ജോലിക്കാർക്ക് കൊടുക്കുന്ന ഉപലബ്ധികളിൽനിന്ന് ഉദ്ഭവസ്ഥാനത്ത് ആദായനികുതി കുറവുചെയ്യാൻ ആദായനികുതി ആക്ററ്, 1961 (1961-ലെ 43) ആവശ്യപ്പെടുന്നതും ആയ ഏതെങ്കിലും സ്ഥാപനത്തിൻേറയും ;

(ഛ) (ക) മുതൽ (ച) വരെ (രണ്ടും ഉൾപ്പടെ) ഖണ്ഡങ്ങളിൽ യഥാക്രമം വിനിർദ്ദേശിച്ചിട്ടുള്ള ഗവൺമെൻറിനോ തദ്ദേശാധികാരസ്ഥാനത്തിനോ ആൾക്കോ ഉടമാവകാശമുള്ള സ്ഥാപനമല്ലാത്തതും, [പബ്ലിക് പ്രാവിഡൻറ് ഫണ്ട് ആക്ററ്, 1968 (1968- ലെ 23) ൻ കീഴിൽ സ്ഥാപിച്ചിട്ടുള്ളവയല്ലാത്ത] പ്രാവിഡൻറ് ഫണ്ടുകൾ സംബന്ധിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമായ ഏതെങ്കിലും സ്ഥാപനത്തിൻേറയും;

(ജ) മേല്പറഞ്ഞ ഖണ്ഡങ്ങളിൽ ഏതെങ്കിലും ബാധകമാകുന്ന സ്ഥാപനമല്ലാത്തതും കേന്ദ്രഗവൺമെൻറിൻേറയോ സ്റേററ്ഗവൺമെൻറിൻേറയോ ആവശ്യപ്രകാരമോ തീർപ്പനുസരിച്ചോ സ്ഥാപിച്ചിട്ടുള്ളതോ കേന്ദ്രഗവൺമെൻേറാ സ്റേററുഗവൺമെൻേറാ മുഴുവൻ ചെലവ് അല്ലെങ്കിൽ ഗണ്യഭാഗം ചെലവ് വഹിക്കുന്നതും ആയ മറേറതെങ്കിലും സ്ഥാപനത്തിൻേറയ...

ജോലിക്കാരന് ബാധകമാകുന്നതാണ്.

വിശദീകരണം.—ഒരു സാമ്പത്തികവർഷത്തിൽ ഒരു സ്ഥാപനത്ത... ഇൻഡ്യയുടേയോ ഏതെങ്കിലും സ്റേററിൻേറയോ നിയമസഭയുള്ള ഏതെ...ധതി യൂണിയൻ രാജ്യക്ഷേത്രത്തിൻേറയോ സഞ്ചിതനിധിയിൽനിന്നുള്ള ഏതെ... ഗ്രാൻേറാ കടമോ അഞ്ചുലക്ഷം രൂപയിൽ കുറഞ്ഞതല്ലാതിരിക്കുകയും, ... 1)-ാം യുള്ള ഗ്രാൻറിൻേറയോ കടത്തിൻേറയോ തുക ആ സ്ഥാപനത്തിൻെറ ...ത്ഥ ചെലവിൻെറ എഴുപത്തഞ്ച് ശതമാനത്തിൽ കുറഞ്ഞതല്ലാതിരിക്കുകയും ... ന്നിടത്ത്, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള സ്...

ത്തിന്റെ ഗണ്യഭാഗം ചെലവ്, അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ്ഗവൺമെന്റോ വഹിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

4. ആക്റ്റിന് അധിപ്രഭാവമുണ്ടെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി ഈ ആക്റ്റ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിലോ ഈ ആക്റ്റ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## കൂടുതൽ ഉപലബ്ധികളുടെ നിർബന്ധിതനിക്ഷേപം

5. കൂടുതൽ കൂലി നിക്ഷേപക്കണക്കും കൂടുതൽ ക്ഷാമബത്ത നിക്ഷേപ കണക്കും.—(1) പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനങ്ങൾ യഥാക്രമം കൂടുതൽ കൂലി നിക്ഷേപകണക്ക് എന്നും കൂടുതൽ ക്ഷാമബത്ത നിക്ഷേപകണക്ക് എന്നും അറിയപ്പെടുന്ന രണ്ടു വെവ്വേറെ കണക്കുകൾ തുടങ്ങേണ്ടതും, വ്യത്യസ്ത വിഭാഗം ജോലിക്കാർക്കോ സ്ഥാപനങ്ങൾക്കോ ആയിവ്യത്യസ്ത അധികാരസ്ഥാനങ്ങളെ വിനിർദ്ദേശിക്കാവുന്നതും ;

(2) വിനിർദ്ദിഷ്ട അധികാരസ്ഥാനം ഓരോ നിക്ഷേപക്കണക്കും സംബന്ധിച്ച്, ഏതു ജോലിക്കാരനെ സംബന്ധിച്ചാണോ മുൻപറഞ്ഞ കണക്കിൽ ഏതെങ്കിലും അംശദായം ചെയ്യപ്പെടുന്നത്, അങ്ങനെയുള്ള ഓരോ ജോലിക്കാരനേയും സംബന്ധിച്ച് ഒരു വേറെയുള്ള പേരേഡ് കണക്ക് തുടങ്ങുകയും, അപ്രകാരം ചെയ്യുന്ന അംശദായങ്ങൾ പേരേഡ് കണക്കിൽ വരവ് വയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

6. ഉപലബ്ധികളിൽ നിന്ന് കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയും കിഴിവ് ചെയ്യാനുള്ള നിയോജകന്റെയും മററാളുകളുടേയും കർത്തവ്യം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കിഴിവുകൾ,—

(ക) കൂടുതൽ കൂലിയുടെ സംഗതിയിൽ, നിശ്ചിതദിവസം മുതൽ ഒരു വർഷക്കാലത്തേക്കും ;

(ഖ) കൂടുതൽ ക്ഷാമബത്തയുടെ സംഗതിയിൽ, നിശ്ചിതദിവസം മുതൽ രണ്ടുവർഷക്കാലത്തേക്കും ;

ചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിന്റെ പ്രാരംഭത്തിൻമേൽ—

(ക) ഇൻഡ്യയുടേയോ ഏതെങ്കിലും സ്റ്റേറ്റിന്റേയോ നിയമസഭയുള്ള ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തിന്റേയോ സഞ്ചിത നിധിയിൽനിന്ന് പണം എടുക്കുകയും ഈ ആക്റ്റ് ബാധകമാകുന്ന ജോലിക്കാരന് നിശ്ചിതദിവസത്തിനുശേഷം ഉപലബ്ധികൾ നല്കുകയും ചെയ്യുന്ന ഏതൊരു നിയോജകനും, താൻ ഏതെങ്കിലും കാലത്തേയ്ക്ക്, ഉപലബ്ധികൾ നല്കുമ്പോഴെല്ലാം അങ്ങനെ നല്കുന്ന ഉപലബ്ധികളിൽനിന്ന് മുഴുവൻ കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയുടെ പകുതിയും കിഴിവുചെയ്യുകയും, അങ്ങനെ കിഴിവുചെയ്യുന്ന തുക പദ്ധതി അനുസരിച്ച് യഥാക്രമം കൂടുതൽ കൂലി നിക്ഷേപകണക്കിലും കൂടുതൽ ക്ഷാമബത്ത നിക്ഷേപ കണക്കിലും വരവുവയ്ക്കുകയും ചെയ്യേണ്ടതും;

(ഖ) ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും ജോലിക്കാരന് നിശ്ചിത ദിവസത്തിനുശേഷം ഉപലബ്ധികഠം നല്കുന്ന മറേറതൊരു നിയോജകനും, താൻ ഏതെങ്കിലും കാലത്തേയ്ക്ക് ഉപലബ്ധികഠം നല്കുമ്പോഴെല്ലാം, അങ്ങനെ നല്കുന്ന ഉപലബ്ധികളിൽനിന്ന് മുഴുവൻ കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയുടെ പകുതിയും കിഴിവു ചെയ്യുകയും, അങ്ങനെ കിഴിവ് ചെയ്ത തുകകഠം നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാര സ്ഥാനത്തിന് പദ്ധതി അനുസരിച്ച് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതും; അങ്ങനെയുള്ള തുകകഠം കിട്ടുന്നതിൻമേൽ ആ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനം, അങ്ങനെ കിട്ടിയ തുകകഠം യഥാക്രമം കൂടുതൽ കൂലി നിക്ഷേപ കണക്കിലും കൂടുതൽ ക്ഷാമബത്ത നിക്ഷേപ കണക്കിലും വരവ് വയ്ക്കേണ്ടതും;

(ഗ) ഈ ആക്ററ് ബാധകമാകുകയും തൻെറ സ്വന്തം ഉപലബ്ധികഠം നിശ്ചിത ദിവസത്തിനുശേഷം എഴുതി വാങ്ങുകയും ചെയ്യുന്ന ഏതൊരു ജോലിക്കാരനും,—

(i) ഗവൺമെൻറിന് ഉടമാവകാശം ഉണ്ടായിരിക്കുകയോ ഗവൺമെൻറ് നിലനിറുത്തിപ്പോരുകയോ ചെയ്യുന്ന ഒരു സ്ഥാപനത്തിൽ, താൻ നിയോജിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ, മുഴുവൻ കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയുടെ പകുതിയും സംബന്ധിച്ച്, തൻെറ ശമ്പളബില്ലിൽ കിഴിവുകഠം ചെയ്യേണ്ടതും വിനിർദ്ദിഷ്ടാധികാരസ്ഥാനം അങ്ങനെ കിഴിവു ചെയ്യുന്ന തുക പദ്ധതിയനുസരിച്ച് യഥാക്രമം കൂടുതൽ കൂലി നിക്ഷേപ കണക്കിലും കൂടുതൽ ക്ഷാമബത്ത നിക്ഷേപ കണക്കിലും വരവുവയ്ക്കേണ്ടതും ;

(ii) താൻ മറേറതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ, മുഴുവൻ കൂടുതൽ കൂലിയും കൂടുതൽ ക്ഷാമബത്തയുടെ പകുതിയും നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് പദ്ധതിയനുസരിച്ച് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള തുകകഠം കിട്ടുന്നതിൻമേൽ ആ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനം, അങ്ങനെ കിട്ടിയ തുകകഠം യഥാക്രമം കൂടുതൽകൂലി നിക്ഷേപകണക്കിലും കൂടുതൽ ക്ഷാമബത്ത നിക്ഷേപകണക്കിലും വരവുവയ്ക്കേണ്ടതും ;

ആകുന്നു.

വിശദീകരണം.—കൂടുതൽ കൂലി നിക്ഷേപകണക്കിലും കൂടുതൽ ക്ഷാമബത്ത നിക്ഷേപകണക്കിലും വരവുവയ്ക്കേണ്ട തുക കണക്കുകൂട്ടുന്നതിൽ, അങ്ങനെയുള്ള കൂടുതൽ കൂലിയോ കൂടുതൽ ക്ഷാമബത്തയോ സംബന്ധിച്ച് അംശദായം ചെയ്യുന്ന തുക—

(ക) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഏതെങ്കിലും പ്രാവിഡൻറ്ഫണ്ടിലേക്കോ മററു ഫണ്ടിലേക്കോ നിർബന്ധിതമായി ചെയ്യേണ്ട അംശദായത്തോളമോ ; അല്ലെങ്കിൽ

(ഖ) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻ കീഴിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും പ്രാവിഡണ്ട് ഫണ്ടിലേയ്ക്ക് നിശ്ചിത ദിവസത്തിനു തൊട്ടുമുൻപ് അംശദായം ചെയ്തിരുന്ന നിരക്കിൽ കവിയാത്ത നിരക്കിൽ ചെയ്യുന്ന അംശദായത്തോളമോ ;

കണക്കിലെടുക്കാൻ പാടുള്ളതല്ല.

(3) വിനിർദ്ദിഷ്ട അധികാരസ്ഥാനം ഓരോ വർഷത്തിന്റേയും അവസാനത്തിനുശേഷം പ്രായോഗികമായത്രവേഗത്തിൽ, ഓരോജോലിക്കാര ന്റേയും വരവുകണക്കിൽ യഥാക്രമമുള്ള നിക്ഷേപക്കണക്കുകളിലേക്ക് വരവു വച്ചിട്ടുള്ള തുകകൾ സംബന്ധിച്ച്, ആ കണക്കുകളുടെ ഒരു പകർപ്പ്, അതിൽ ആ ജോലിക്കാരനെ സംബന്ധിച്ച് വരവുവച്ചിട്ടുള്ള തുകകൾകാണിച്ചു കൊണ്ട് പ്രത്യേകം തയ്യാറാക്കുകയും ജോലിക്കാരന് നല്കുകയും ചെയ്യേണ്ടതാകുന്നു.

7. നിക്ഷേപങ്ങൾ സാധാരണപലിശ വഹിക്കുമെന്ന്.—(1) നിക്ഷേപ കണക്കിൽ ഒരു ജോലിക്കാരനെ സംബന്ധിച്ച് 6-ാം വകുപ്പിൻകീഴിൽ വരവു വയ്ക്കുന്ന ഏതൊരു തുകയും, ബാങ്ക്നിക്ഷേപനിരക്കിലും രണ്ടരശതമാനം ഉപരിയായ നിരക്കിലുള്ള പലിശ വഹിക്കുന്നതാണ്.

(2) ഏതെങ്കിലും നിക്ഷേപ കണക്കിൽ വരവുവയ്ക്കുന്ന തുക യിൻമേൽ കിട്ടേണ്ട പലിശ, പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ കണക്കാക്കേണ്ടതാകുന്നു.

(3) ഏതെങ്കിലും നിക്ഷേപ കണക്കിലേക്ക് 6-ാം വകുപ്പിൻകീഴിൽ വരവുവയ്ക്കുന്ന തുകയിൻമേൽ ഉളവാകുന്ന പലിശ, ഏത് ജോലിക്കാരെ സംബന്ധിച്ചാണോ അങ്ങനെയുള്ള തുകകൾ വരവുവയ്ക്കുന്നത്, ആ ജോലി ക്കാരുടെ ഗുണത്തിനായിരിക്കുന്നതാണ്.

(4) ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43) ലെ 80-ാം വകു പ്പിൻകീഴിലെ കിഴിവുകളുടെ ആവശ്യത്തിന്, ഈ ആക്റ്റിൻകീഴിലെ ഒരു നിക്ഷേപത്തിൻമേൽ കിട്ടുന്ന പലിശ, ബാങ്കിങ്ങ് ക്രമപ്പെടുത്തൽ ആക്റ്റ്, 1949 (1949-ലെ 10) ബാധകമാകുന്ന ബാങ്കിങ്ങ് കമ്പനിയിലെ നിക്ഷേപത്തിൻ മേൽ കിട്ടുന്ന പലിശയായി കരുതപ്പെടുന്നതാകുന്നു.

8. ആദായനികുതിയുടെ ആവശ്യത്തിന് നികുതി നിശ്ചയിക്കുന്നത്.— (1) ആദായനികുതി ആക്റ്റ്, 1961-ന്റെ കീഴിൽ ഒരു ജോലിക്കാരന്റെ ആകെ ആദായം കണക്കുകൂട്ടുന്ന ആവശ്യങ്ങൾക്ക്, കൂടുതൽകൂലി നിക്ഷേപ കണ ക്കിലോ കൂടുതൽ ക്ഷാമബത്ത നിക്ഷേപകണക്കിലോ ഉള്ള അയാളുടെ പേരേഡുകണക്കിൽ വരവുവച്ചിട്ടുള്ള തുക, അത് അപ്രകാരം വരവുവച്ചിട്ടുള്ള മുൻവർഷത്തെ അയാളുടെ ആകെ ആദായത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല; എന്നാൽ അയാൾക്ക് തിരിയെ കൊടുക്കുന്നിടത്തോളം തുക, അതു തിരിയെ കൊടു ക്കുന്ന മുൻവർഷത്തെ അയാളുടെ ആകെ ആദായത്തിൽ ഉൾപ്പെടുത്തേണ്ട തായിരിക്കുന്നതാണ്.

(2) ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43) -ന്റെ കീഴിൽ ഒരു ജോലിക്കാരന്റെ ആകെ ആദായം കണക്കുകൂട്ടുന്ന ആവശ്യങ്ങൾക്ക് ഈ ആക്റ്റിൻ കീഴിൽ അയാൾക്കു തിരിയെ കൊടുക്കുന്ന തുക, അയാൾക്ക് കുടിശ്ശി കയായി കൊടുക്കുന്ന ശമ്പളമായി കരുതപ്പെടുന്നതും, അതനുസരിച്ച് ആ ആക്റ്റ് 89-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന തുമാണ്.

വിശദീകരണം.— ഈ വകുപ്പിൽ "മുൻവർഷ"ത്തിനും "ആകെ ആദായ" ത്തിനും, യഥാക്രമം ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43) -ൽ അവയ്ക്കു നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

9. നിക്ഷേപങ്ങൾ തിരിയെ കൊടുക്കുന്നത്.— (1) (2)-ാം ഉപവകു പ്പിലെ വ്യവസ്ഥകൾക്കുവിധേയമായി, നിക്ഷേപകണക്കിലേക്ക് വരവുവച്ചി ട്ടുള്ള ഏതൊരു തുകയും അതിൻമേൽ കൊടുക്കേണ്ട പലിശസഹിതം—

(ക) കൂടുതൽ കൂലി നിക്ഷേപ കണക്കിലേക്ക് വരവുവച്ചിട്ടുള്ള
തുകയുടെ സംഗതിയിൽ, നിശ്ചിതദിവസം മുതൽ ഒരുവർഷം
കഴിഞ്ഞതിനുശേഷം ഏതുസമയത്തും;

(ഖ) കൂടുതൽ ക്ഷാമബത്ത നിക്ഷേപ കണക്കിലേക്ക് വരവുവച്ചി
ട്ടുള്ള തുകയുടെ സംഗതിയിൽ, നിശ്ചിതദിവസം മുതൽ രണ്ടു
വർഷം കഴിഞ്ഞതിനുശേഷം ഏതുസമയത്തും;

തിരിയെക്കൊടുക്കേണ്ടതായിരിക്കുന്നതാണ്:

തിരിയെക്കൊടുക്കേണ്ടതായിരിക്കുന്നതാണ്: രണ്ടുനിക്ഷേപകണക്കുകളിൽ ഏതി
എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, രണ്ടുനിക്ഷേപകണക്കുകളിൽ ഏതി
ലേക്കെങ്കിലും വരവുവച്ചിട്ടുള്ളതുക അതിൻമേൽ കൊടുക്കാനുള്ള പലിശ
സഹിതം അതിനുമുമ്പേ തിരിയെകൊടുക്കാത്ത പക്ഷം, അങ്ങേയററത്തെ
കഷ്ടപ്പാട് ഉണ്ടാക്കുമെന്ന് ബോദ്ധ്യമാക്കുന്ന ഏതെങ്കിലും സംഗതിയിൽ,
കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും
ആൾ അങ്ങനെ തിരിയെകൊടുക്കുന്നതിനെ തടയുന്നതല്ല:

എന്നുമാത്രമല്ല, ഒരു ജോലിക്കാരന് താൻ ഇച്ഛിക്കുന്നുവെങ്കിൽ, തന്നെ
സംബന്ധിച്ച് കൂടുതൽ കൂലി നിക്ഷേപകണക്കിലോ കൂടുതൽ ക്ഷാമബത്ത
നിക്ഷേപകണക്കിലോ, അല്ലെങ്കിൽ രണ്ടിലുമോ വരവുവച്ചിട്ടുള്ളതുക മുഴു
വനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ, തനിക്ക് അധിവർഷത എത്തുന്ന
തുവരേയോ ഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന തീയതിവരെയോ,
വച്ചുപോരാവുന്നതാണ്:

എന്നല്ല, രണ്ടു നിക്ഷേപകണക്കുകളിലും അല്ലെങ്കിൽ അവയിൽ ഏതിലെ
ങ്കിലും (കാലികമായ ഒരു സ്ഥാപനത്തിലെ ജോലിക്കാരനല്ലാത്ത) ഒരു ജോലി
ക്കാരൻെറ വരവുകണക്കിലുള്ള മുഴുവൻ തുകയും, അയാൾക്ക് അധിവർഷ
തയെത്തുകയോ അയാൾ ഉദ്യോഗത്തിൽനിന്ന് രാജിവയ്ക്കുകയോ അയാളുടെ
നിയോജനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിൻമേൽ, തിരിയെക്കൊടു
ക്കേണ്ടതും ആകുന്നു.

(2) ഒരു ജോലിക്കാരനോ, അയാളെ സംബന്ധിച്ചോ ഏതെങ്കിലും
നിക്ഷേപകണക്കിലേയ്ക്കു വരവുവയ്ക്കുന്ന ഒട്ടാകെ തുക, അതതുസംഗതി
പോലെ, നിർബന്ധിതനിക്ഷേപത്തിൻെറ കൊടുക്കാൻ ബാക്കിയുള്ള മുഴുവൻ
തുകയിൻമേലോ ഭാഗത്തിൻമേലോ കൊടുക്കാനുള്ള പലിശസഹിതം നിശ്ചിത
ദിവസം മുതൽ, അതതുസംഗതിപോലെ, ഒരുവർഷമോ രണ്ടുവർഷമോ കഴി
യുന്നതുമുതൽ ആരംഭിക്കുന്ന അഞ്ചു തുല്യ വാർഷികഗഡുക്കളായി ജോലി
ക്കാരന് തിരിയെ കൊടുക്കേണ്ടതാകുന്നു.

10. പദ്ധതികൾ തയ്യാറാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—
(1) കേന്ദ്രഗവൺമെൻറ് വിജ്ഞാപനം വഴി ഈ ആക്ററിൻകീഴിലുള്ള
നിക്ഷേപകണക്കിലേക്കു വരവുവയ്ക്കുന്ന തുകകൾ സംബന്ധിച്ച് ഒന്നോ
അതിലധികമോ പദ്ധതികൾ തയ്യാറാക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന പദ്ധതിയ്ക്ക്—

(ക) കൂടുതൽകൂലി നിക്ഷേപകണക്കും കൂടുതൽ ക്ഷാമ
ബത്തനിക്ഷേപകണക്കും തുടങ്ങുകയും വച്ചുപോരുകയും
ചെയ്യേണ്ട അധികാര സ്ഥാനങ്ങൾക്കും;

(ഖ) കൂടുതൽ കൂലിയിൽനിന്നോ കൂടുതൽ ക്ഷാമബത്തയിൽ
നിന്നോ കിഴിവുചെയ്യുന്ന തുകകൾ കിഴിവുചെയ്യുകയും,
യഥാക്രമം ഉള്ള നിക്ഷേപകണക്കിലേക്ക് വരവുവയ്ക്കുകയും
ചെയ്യേണ്ട സമയത്തിനും രീതിയ്ക്കും;

(ഗ) ഏതു് ആളുകളെ സംബന്ധിച്ചാണോ നിക്ഷേപകണക്കുകളിലേക്കു് തുകകൾ വരവുവച്ചിട്ടുള്ളതു്, അങ്ങനെയുള്ള ആളുകൾക്കു് അങ്ങനെ വരവുവച്ചതിന്റെ തെളിവായി നല്കേണ്ട രേഖകൾക്കും;

(ഘ) ഏതു് അധികാരസ്ഥാനത്തിനോ അധികാരസ്ഥാനങ്ങൾക്കോ, അല്ലെങ്കിൽ ഏതു് അധികാരസ്ഥാനമോ അധികാര സ്ഥാനങ്ങളോ മുഖേനയോ ആണു് നിക്ഷേപകണക്കുകളിലേക്കുള്ള വരവുകൾ വയ്ക്കാവുന്നതു്, എന്നതിനും;

(ങ) നിക്ഷേപ കണക്കുകളിലേക്കു് വരവുവയ്ക്കുന്ന തുകകൾ സംബന്ധിച്ചു് വച്ചുപോരേണ്ട കണക്കുകൾക്കും അങ്ങനെയുള്ള കണക്കുകൾ വച്ചുപോരേണ്ട ഉദ്യോഗസ്ഥനും;

(ച) ഒരു നിക്ഷേപകണക്കിൽ ജോലിക്കാരന്റെ വരവുകണക്കിൽ നില്ക്കുന്ന തുക അയാൾ മരിച്ചുപോകുന്നുവെങ്കിൽ വാങ്ങുന്നതിനുള്ള ആളുകളെ നാമനിർദ്ദേശം ചെയ്യുന്നതിനും, അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ മാററുകയോ ചെയ്യുന്നതിനും;

(ഛ) ഏതെങ്കിലും വരവിനത്തിന്റെ തെളിവായി നല്കുന്ന ഏതെങ്കിലും രേഖയുടെ അസ്സലിനു് നഷ്ടമോ നാശമോ സംഭവിക്കുന്നുവെങ്കിൽ, അതിന്റെ ഡ്യൂപ്ലിക്കേററു് നല്കുന്നതിനും രണ്ടുരൂപയിൽ കവിയാത്ത എത്ര ഫീസു് കൊടുത്താലാണു് അങ്ങനെയുള്ള ഡ്യൂപ്ലിക്കേററു് നല്കാവുന്നതു് എന്നതിനും;

(ജ) നിക്ഷേപകണക്കുകളിലേക്കു് വരവുവച്ചിട്ടുള്ള തുകകൾ, അവയിൻമേൽ കൊടുക്കാനുള്ള പലിശ സഹിതം തിരിയെ കൊടുക്കുന്നതിനും, അങ്ങനെ തിരിയെ കൊടുക്കുന്നതിനു് ഉപാധികൾ വല്ലതും ഉണ്ടെങ്കിൽ അവയ്ക്കും;

(ഝ) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനു ആവശ്യകമായതോ ഉചിതമായതോ ആയ മറേറതെങ്കിലും വിഷയത്തിനും;

വ്യവസ്ഥചെയ്യാവുന്നതാണു്.

(3) ഈ വകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന പദ്ധതിക്കു് അതിന്റെ എല്ലാ വ്യവസ്ഥകളും, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും, ഇതിലേക്കായി പദ്ധതിയിൽ വിനിർദ്ദേശിക്കുന്നതും നിശ്ചിത ദിവസത്തിനു മുൻപുള്ളതല്ലാത്തതും ആയ തീയതി, മുൻകാലപ്രാബല്യത്തോടേയോ പിൻകാലപ്രാബല്യത്തോടേയോ പ്രഭാവത്തിൽ വരുന്നതാണെന്നു് വ്യവസ്ഥചെയ്യാവുന്നതും, ഈ വകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതൊരു പദ്ധതിക്കും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന (ഈ ആക്ററല്ലാത്ത) ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഈ ആക്ററു് ,അല്ലാത്ത ഏതെങ്കിലും ഒരു അധിനിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതും ആണു്.

(4) കേന്ദ്രഗവൺമെൻറിനു് (1)—ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിയോടുകൂട്ടിച്ചേർക്കുകയോ, അതു് ഭേദഗതിചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതിനു് പദ്ധതി ഉണ്ടാക്കാവുന്നതാണു്.

11. <u>പൂർണ്ണാങ്കമാക്കൽ.</u> — ഏതെങ്കിലും നിക്ഷേപകണക്കിൽ ചേർക്കേണ്ട ഏതെങ്കിലും വരവിനത്തിന്റെ ഒരു രൂപയുടെ ഭാഗം അടങ്ങുമ്പോൾ, അങ്ങനെയുള്ള ഭാഗം അമ്പതുപൈസയോ അതിലധികമോ ആണെങ്കിൽ

അത്ഒരു മുഴുവൻ രൂപയായി വർദ്ധിപ്പിക്കുകയും അമ്പത്പൈസയിൽ കുറവാണെങ്കിൽ, അവഗണിക്കുകയും ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം III

## പലവക

12. കൊടുക്കാനുള്ള തുകകൾ നിയോജകൻെറ നിർദ്ധനത്വത്തിൻേറയോ ലിക്വിഡേഷൻേറയോ സംഗതിയിൽ ആദ്യ ചാർജ്ജായിരിക്കുമെന്ന്.—(1) ഏതെങ്കിലും നിക്ഷേപകണക്കിൽ വരവുവയ്ക്കാനോ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കാനോ ഈ ആക്ററ് ആവശ്യപ്പെടുന്ന ഏതെങ്കിലും തുക, ഏതെങ്കിലും നിയോജകൻ അപ്രകാരം വരവുവയ്ക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തിടത്ത്, അങ്ങനെ വിട്ടുപോയതോ ചെയ്യാതിരുന്നതോ ഏതു തുക സംബന്ധിച്ചാണോ, ആ തുക, അതിൻമേൽ, 7-ാം വകുപ്പു (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ കണക്കാക്കിയ പലിശസഹിതം നിയോജകനെ ഏതെങ്കിലും കോടതി നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യുകയോ നിയോജകൻ കമ്പനിയായിരിക്കെ, അത് വൈൻഡപ്പ് ചെയ്യാൻ ഏതെങ്കിലും കോടതി ഉത്തരവ് ചെയ്യുകയോ ചെയ്യുന്നപക്ഷം, അതതുസംഗതിപോലെ, നിർദ്ധനൻേറയോ കമ്പനിയുടേയോ ആസ്തികളിൻമേൽ ആദ്യചാർജ്ജായി കരുതപ്പെടുന്നതും അതിന് മറെറല്ലാകടങ്ങൾക്കും മീതെ മുൻഗണന ഉണ്ടായിരിക്കുന്നതും, അത് പൂർണ്ണമായി കൊടുക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ മറെറല്ലാ കടങ്ങളേക്കാൾ മുൻഗണനയോടെ കൊടുക്കേണ്ട തുക, അതു സമുചിതമായ നിക്ഷേപ കണക്കിൽ വരവുവയ്ക്കുന്നതിനായി കോടതി നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് കോടതി അയച്ചുകൊടുപ്പിക്കേണ്ടതാകുന്നു.

13. സ്ഥാപനങ്ങളുടെ കൈമാററം.—ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച്, ഒരു നിയോജകൻ ആ സ്ഥാപനം പൂർണ്ണമായോ ഭാഗികമായോ വില്പനയോ ദാനമോ വഴി ആയോ മററുവിധത്തിലോ കൈമാററം ചെയ്യുകയോ അങ്ങനെയുള്ള സ്ഥാപനം സംബന്ധിച്ച് ഏതെങ്കിലും ലൈസൻസ് നല്കുകയോ ചെയ്യുന്നിടത്ത്, നിയോജകനും, ഏത് ആൾക്കാണോ അങ്ങനെ ആ സ്ഥാപനം കൈമാററം ചെയ്യുകയോ ലൈസൻസ് നല്കുകയോ ചെയ്യുന്നത്, ആ ആളും സമുചിതനിക്ഷേപകണക്കിൽ വരവുവയ്ക്കുകയോ, അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കുകയോ ചെയ്യാൻ ഈ ആക്ററ് ആവശ്യപ്പെടുന്ന തുകകൾ, അതതുസംഗതിപോലെ, അങ്ങനെ വരവുവയ്ക്കാനോ അയച്ചുകൊടുക്കാനോ കൂട്ടായും വെവ്വേറെയായും ബാദ്ധ്യതയുള്ളവരായിരിക്കുന്നതാണ്:

എന്നാൽ കൈമാററം വാങ്ങുന്ന ആളുടേയോ ലൈസൻസിയുടേയോ ബാദ്ധ്യത, അതതുസംഗതിപോലെ, അങ്ങനെയുള്ള കൈമാററത്തിൻമേലോ ലൈസൻസ് നല്കലിൻമേലോ അയാൾക്ക് ലഭിക്കുന്ന ആസ്തികളുടെ മൂല്യത്തോളം പരിമിതിപ്പെടുത്തിയിരിക്കുന്നതാകുന്നു.

14. ദണ്ഡനങ്ങൾ.—(1) ആരാണോ—

(ക) ഏതെങ്കിലും കൂടുതൽ കൂലിക്കിഴിവും കൂടുതൽ ക്ഷാമബത്തക്കിഴിവും ചെയ്യുന്നതും, അത് അതത് സംഗതിപോലെ, കൂടുതൽ കൂലി നിക്ഷേപ കണക്കിലേക്കോ കൂടുതൽ ക്ഷാമബത്താ നിക്ഷേപ കണക്കിലേക്കോ വരവുവയ്ക്കുന്നതും ഒഴിവാക്കാനുള്ളതോ;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കിഴിവ് ചെയ്യുന്നതോ വരവ് വയ്ക്കുന്നതോ ഒഴിവാക്കുന്നതിന് മററതെങ്കിലും ആളെ സഹായിക്കുകയോ അയാൾക്ക് പ്രേരണ നല്കുകയോ ചെയ്യാനുള്ളതോ;

ആയ ലക്ഷ്യത്തോടെ ബോധപൂർവ്വം, വ്യാജമാണെന്ന് താൻ അറിയുന്നതോ സത്യമാണെന്നു താൻ വിശ്വസിക്കാത്തതോ ആയ ഏതെങ്കിലും പ്രസ്താവന ചെയ്യുകയോ, ഏതെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്നത്, അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും നിക്ഷേപകണക്കിലേക്ക് വരവുവയ്ക്കുന്നതോ, അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് ഏതെങ്കിലും തുക അയച്ചുകൊടുക്കുന്നതോ, അങ്ങനെയുള്ള വരവുവയ്ക്കലോ അയച്ചുകൊടുക്കലോ ഈ ആക്ററിനോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും പദ്ധതിക്കോ കീഴിൽ ചെയ്യേണ്ടതായി വരുന്നയുടൻ ചെയ്യാൻവിട്ടുപോവുകയോ, ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും നിയോജകൻ—

(ക) മൂന്നുമാസത്തിൽ കുറയാത്തകാലത്തേയ്ക്കുള്ളതും, എന്നാൽ,—

(i) ആദ്യകുററത്തിൻെറ സംഗതിയിൽ ആറുമാസത്തോളവും;

(ii) രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ ഏതെങ്കിലും കുററത്തിൻെറ സംഗതിയിൽ, ഒരു വർഷത്തോളവും ആകാവുന്നതുമായ തടവുശിക്ഷയും:—

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ റിക്കാർഡാക്കേണ്ട മതിയായതും പ്രത്യേകമായതുമായ ഏതെങ്കിലും കാരണങ്ങളാൽ, മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവിനോ തടവുശിക്ഷക്കുപകരം പിഴശിക്ഷയ്ക്കോ ഉള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്:—

(ഖ) കൂടാതെ, ഈ ആക്ററ് ആവശ്യപ്പെടുന്ന പ്രകാരം നിക്ഷേപകണക്കിലേയ്ക്ക് വരവുവയ്ക്കുകയോ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കുകയോ ചെയ്തിട്ടില്ലാത്ത തുകയും, അതിൻമേൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ കണക്കാക്കുന്ന പലിശയും കൂട്ടിയതിൽ കുറയാത്തതും, എന്നാൽ മുൻപറഞ്ഞ തുകയും അതിൻമേൽ കൊടുക്കേണ്ട പലിശയും കൂട്ടിയതിൻെറ ഇരട്ടിയോളമാകാവുന്നതും ആയ പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടാവുന്നതും, പിഴ വസൂലാക്കപ്പെടുന്നുവെങ്കിൽ അതിൽനിന്ന് കുററം വിചാരണ ചെയ്യുന്ന കോടതി, നിക്ഷേപകണക്കിലേയ്ക്ക് വരവുവയ്ക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത തുകയ്ക്കു തുല്യമായ തുക, അതിൻമേൽ കൊടുക്കാനുള്ള പലിശ സഹിതം സമുചിത നിക്ഷേപകണക്കിലേയ്ക്ക് വരവുവയ്ക്കുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുപ്പിക്കേണ്ടതും, അങ്ങനെയുള്ള തുക, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കുന്നതിൻമേൽ, കോടതി അപ്രകാരം അയച്ചുകൊടുക്കുന്ന തുകയോളം നിയോജകൻെറ ബാദ്ധ്യത തീരുന്നതും ആകുന്നു.

(3) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും പദ്ധ
തിയിലേയോ ഉത്തരവിലേയോ ദണ്ഡനത്തിന് പ്രത്യേകമായി വ്യവസ്ഥ ചെയ്യ
പ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും ആറുമാസ
ത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ ആയിരം രൂപയോളമാ
കാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെ
ടുന്നതാകുന്നു.

15. <u>കമ്പനികളാലുള്ള കുററം.</u>—(1) ഈ ആക്റ്റിൻകീഴിലെ ഏതെങ്കിലും
കുററം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്ക് പുറമേ കുററം
ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി കമ്പ
നിയുടെ ചാർജ്ജുണ്ടായിരിക്കുകയും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും
ചെയ്തിരുന്ന ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടു
ന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെ
ടുകയും ചെയ്യാൻ അർഹരാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെ
ങ്കിലും കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ, അങ്ങനെയുള്ള
കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരു
ന്നെന്നോ, അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്കു അർഹ
നാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ
ആക്റ്റിൻകീഴിലെ ഒരു കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിരിക്കുകയും ആ
കുററം ഏതെങ്കിലും ഡയറക്ടരുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ
മററ് ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്യപ്പെ
ട്ടിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേ
ക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും
ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ സെക്രട്ടറിയോ മററു
ഉദ്യോഗസ്ഥനോ ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അത
നുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും
ചെയ്യാൻ അർഹനാകുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായമെന്നർത്ഥ
മാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു
സമാജമോ ഉൾപ്പെടുന്നതും,

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേമിനെ സംബന്ധിച്ച്, അതിലെ
പങ്കാളി എന്നർത്ഥമാകുന്നതും, ഒരു ഹിന്ദുഅവിഭക്ത
കുടുംബം സംബന്ധിച്ച്, അങ്ങനെയുള്ള കുടുംബത്തിന്റെ
കർത്താവ് എന്നർത്ഥമാകുന്നതും ആണ്.

16. <u>കുററങ്ങൾ നടപടിയ്ക്കെടുക്കൽ.</u>—യാതൊരു കോടതിയും, ഈ
ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന യാതൊരു കുററവും കേന്ദ്രഗവൺ
മെന്റോ, കേന്ദ്രഗവൺമെന്റ് ഇതിലേക്ക് ലിഖിതമായി പ്രാധികാരം
നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ കൊടുക്കുന്ന
പരാതിയിൻമേലല്ലാതെ, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

17. <u>ഒഴിവാക്കാനുള്ള അധികാരം.</u>—കേന്ദ്രഗവൺമെന്റിന് പൊതുതാ
ത്പര്യത്തിന് വേണ്ടിയോ ഏതെങ്കിലും കാര്യത്തിന്റെ പ്രത്യേക പരിതഃസ്ഥി
തികൾ പരിഗണിച്ചോ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശി
ക്കുന്ന വ്യവസ്ഥകൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്കുവിധേയമായി,—

(ക) ഏതെങ്കിലും സ്ഥാപനത്തേയോ, ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തിയെടുക്കുന്ന ഏതെങ്കിലും വിഭാഗം ജോലിക്കാരേയോ ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കുകയോ;

(ഖ) ഏതെങ്കിലും ജോലിക്കാരന് അങ്ങേയററത്തെ കഷ്ടപ്പാടുള്ള സംഗതിയിൽ, അങ്ങനെയുള്ള ജോലിക്കാരനെ സംബന്ധിച്ച് കൂടുതൽ കൂലി നിക്ഷേപകണക്കിലേക്ക് ഏതെങ്കിലും തുക വരവുവയ്ക്കുന്നതിൽനിന്ന് ഒഴിവാക്കുകയോ;

(ഗ) ഒരു ജോലിക്കാരനേയോ ഏതെങ്കിലും തരം ജോലിക്കാരേയോ സംബന്ധിച്ച് കൂടുതൽ കൂലിയിൽനിന്ന് ഈ ആക്ററിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ കുറഞ്ഞ നിരക്കിലുള്ള കിഴിവുകൾക്ക് അധികാരപ്പെടുത്തുകയോ;

ചെയ്യുന്നത് ആവശ്യകമാണെന്നോ സമീചീനമാണെന്നോ അഭിപ്രായമുള്ളിടത്ത് അപ്രകാരം ചെയ്യാവുന്നതാണ്.

18. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന് വിജ്ഞാപനം വഴി, അതിന് ഈ ആക്ററിനോ ഈ ആക്ററിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതെങ്കിലും പദ്ധതിക്കോ കീഴിൽ പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പരിമിതികളും ഉപാധികളും വല്ലതുമുണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന—

(ക) കേന്ദ്രഗവൺമെൻറിൻെറകീഴിലെ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ; അല്ലെങ്കിൽ

(ഖ) സ്റേററ്ഗവൺമെൻേറാ സ്റേററ്ഗവൺമെൻറിൻെറ കീഴിലെ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ; അല്ലെങ്കിൽ

(ഗ) മററു ആളോ അധികാരസ്ഥാനമോ,

കൂടി പ്രയോഗിക്കുന്നതാണെന്ന്, നിദേശിക്കാവുന്നതാണ്:

എന്നാൽ 10-ാം വകുപ്പും 24-ാം വകുപ്പും നല്കുന്ന അധികാരങ്ങൾ ഈ വകുപ്പിൻകീഴിൽ പ്രത്യായോജനം ചെയ്യാൻ പാടുള്ളതല്ല.

19. ജപ്തിക്ക് എതിരായ രക്ഷണം.—(1) ഏതെങ്കിലും നിക്ഷേപ കണക്കിൽ ഏതെങ്കിലും ജോലിക്കാരൻെറ വരവുകണക്കിൽനില്ക്കുന്ന തുക, ആ ജോലിക്കാരന് നേരിടുന്ന ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിക്കോ ഉത്തരവിനോ കീഴിൽ ജപ്തി ചെയ്യാവുന്നതല്ലാത്തതാകുന്നു.

(2) ഒരു ജോലിക്കാരൻെറ മരണസമയത്ത് ഏതെങ്കിലും നിക്ഷേപ കണക്കിൽ അയാളുടെ വരവുകണക്കിൽ നില്ക്കുന്നതും പദ്ധതിയിൻകീഴിൽ അയാളുടെ നിർദ്ദിഷ്ടനാമാവിന് കൊടുക്കേണ്ടതുമായ ഏതെങ്കിലും തുക ആ നിർദ്ദിഷ്ടനാമാവിൽ നിക്ഷിപ്തമാകുന്നതും, മരിച്ചുപോയ ആൾക്ക് നേരിട്ടതോ ആ ജോലിക്കാരൻെറ മരണത്തിനുമുമ്പ് നിർദ്ദിഷ്ടനാമാവിന് നേരിട്ടതോ ആയ ഏതെങ്കിലും കടത്തിൽ നിന്നോ മററു ബാദ്ധ്യതയിൽ നിന്നോ വിമുക്തമായിരിക്കുന്നതുമാകുന്നു.

20. [illegible] വശ്യപ്പെടുന്നതിനും കണക്കുകൾ പരിശോധിക്കു[illegible] (1) നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാന[illegible] ചെയ്യപ്പെട്ട അധികാരസ്ഥാനം ഇതിലേക്കു പ്രാധി[illegible] [illegible]ം ഉദ്യോഗസ്ഥന്നോ, ഈ ആക്ററ് ബാധകമാകുന്ന

ഏതെങ്കിലും നിയോജകനിൽനിന്ന് നിർണ്ണയിക്കപ്പെടുന്ന റിട്ടേണുകൾക്ക് ആവശ്യപ്പെടാവുന്നതാണ്.

(2) ഈ ആക്റ്റ് ബാധകമാകുന്ന ഏതെങ്കിലും നിയോജകന്റെ കണക്കുബുക്കുകളും മററു ബുക്കുകളും കടലാസുകളും നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന്നോ കേന്ദ്രഗവൺമെൻറു ഇതിലേക്കു പ്രാധികാരം നല്കുന്ന ഏതെങ്കിലും ആൾക്കോ ബിസിനസ് മണിക്കൂറുകളിൽ പരിശോധനയ്ക്ക് പ്രാപ്യമായിരിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള പരിശോധന, നിയോജകനോ നിയോജകന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മുൻകൂട്ടിയുള്ള ഏതെങ്കിലും നോട്ടീസ് നല്കാതെ, ചെയ്യാവുന്നതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിനോ, പ്രാധികാരം നല്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധനയ്ക്കിടയിൽ—

(i) കണക്കുബുക്കുകളുടേയും മററു ബുക്കുകളുടേയും കടലാസുകളുടേയും പകർപ്പുകൾ എടുക്കുകയോ എടുപ്പിക്കുകയോ;

(ii) പരിശോധന നടത്തിയതിന്റെ ലക്ഷ്യമായി അവയിൻമേൽ തിരിച്ചറിയാനുള്ള ഏതെങ്കിലും അടയാളങ്ങൾ വയ്ക്കുകയോ വയ്പിക്കുകയോ; ചെയ്യാവുന്നതാണ്.

(4) നിയോജകൻ ഏതെങ്കിലും കൂടുതൽ കൂലിയോ കൂടുതൽ ക്ഷാമബത്തയോ, അതതുസംഗതിപോലെ, സമുചിതനിക്ഷേപകണക്കിൽ വരവ് വയ്ക്കുകയോ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കുകയോ ചെയ്തിട്ടില്ലെന്ന്, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനമോ പ്രാധികാരം നല്കപ്പെട്ട ഉദ്യോഗസ്ഥനോ പരിശോധനയ്ക്കുശേഷം കാണുന്നുവെങ്കിൽ, ആ അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ, ഏത് തുക സംബന്ധിച്ചാണ് അങ്ങനെ വരവ് വയ്ക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യാതിരുന്നിട്ടുള്ളതെന്ന്, തീരുമാനിക്കേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള യാതൊരു തീരുമാനവും നിയോജകനു പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കിയശേഷമല്ലാതെ, ചെയ്യാൻ പാടുള്ളതല്ല—

(5) കൂലി പുതുക്കലോ ക്ഷാമബത്ത പുതുക്കലോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ, അല്ലെങ്കിൽ ട്രിബ്യൂണലിന്റെ, അല്ലെങ്കിൽ മററധികാരസ്ഥാനത്തിന്റെ അവാർഡിന്റേയോ, വിധിയുടേയോ ഉത്തരവിന്റേയോ അല്ലെങ്കിൽ കരാറിന്റേയോ ഒത്തുതീർപ്പിന്റേയോ പകർപ്പ്, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് നല്കുന്നതും, കൂടാതെ പരിശോധന നടത്തുന്ന നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ ആവശ്യപ്പെടുന്ന കണക്കുബുക്കുകളും മററു ബുക്കുകളും കടലാസുകളും ഹാജരാക്കുന്നതും, ഈ ആക്റ്റു ബാധകമാകുന്ന ഏതൊരു നിയോജകന്റേയും കർത്തവ്യമായിരിക്കുന്നതാണ്.

(6) കോടതിയുടേയോ, ട്രിബ്യൂണലിന്റേയോ മററു അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും അവാർഡിനോ, വിധിക്കോ, ഉത്തരവിനോ അല്ലെങ്കിൽ കരാറിനോ ഒത്തുതീർപ്പിനോ അനുസൃതമായല്ലാതെ, കൂലിയുടേയോ ക്ഷാമബത്തയുടേയോ ഏതെങ്കിലും പുതുക്കൽ നടത്തിയിട്ടുള്ളിടത്ത്, നിയോജകൻ കൂലിയുടേയും ക്ഷാമബത്തയുടേയും അങ്ങനെയുള്ള പുതുക്കൽ സംബന്ധിച്ച, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അറിവുകൊടുക്കുകയും, നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് ആ അധികാരസ്ഥാനം ആവശ്യപ്പെടുന്ന കണക്കുബുക്കുകളും മററു ബുക്കുകളും കടലാസുകളും നല്കുകയും ചെയ്യേണ്ടതാകുന്നു.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.—ഈ ആക്റ്റിനോ അതിൻകീഴിൽ തയ്യാറാക്കുന്ന ഏതെങ്കിലും പദ്ധതിക്കോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച്, കേന്ദ്രഗവൺമെൻറിനോ ഏതെങ്കിലും സ്റ്റേററുഗവൺമെൻറിനോ, ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിന് കേന്ദ്രഗവൺമെൻേറാ സ്റ്റേററ് ഗവൺമെൻേറാ പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

22. ഈ ആക്റ്റിൻകീഴിൽ ചുമതലകൾ നിർവ്വഹിക്കുന്ന ആളുകൾ പബ്ലിക്ക് സർവൻറുമാരായിരിക്കുമെന്ന്.—18-ാം വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറിൻെറ ഏതെങ്കിലും അധികാരം പ്രത്യായോജനം ചെയ്യപ്പെട്ടിരിക്കുകയോ 20-ാം വകുപ്പിൽ വിനിർദ്ദേശിച്ച ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിന് പ്രാധികാരം നല്കപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ ഒരു പബ്ലിക്ക് സർവൻറല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യുടെ 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി ഗണിക്കപ്പെടുന്നതാകുന്നു.

23. കുടിശ്ശിക വസൂലാക്കൽ.—ഈ ആക്റ്റിൻകീഴിൽ നിക്ഷേപ കണക്കിൽ വരവുവയ്ക്കുകയോ നാമനിർദ്ദേശം ചെയ്യപ്പെട്ട അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കുകയോ ചെയ്യേണ്ടിയിരുന്നതും, എന്നാൽ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ പദ്ധതിയിലേയോ ഉത്തരവിലേയോ വ്യവസ്ഥകളനുസരിച്ച് അങ്ങനെ വരവുവയ്ക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തതുമായ ഏതെങ്കിലും തുക, അതിൻമേൽ കൊടുക്കേണ്ടതും 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ പലിശ കൊടുക്കേണ്ട നിരക്കിൻെറ ഇരട്ടി നിരക്കിൽ കണക്കാക്കുന്നതുമായ പലിശ സഹിതം നിയോജകൻ കൊടുക്കേണ്ടതായിരിക്കുന്നതും, അങ്ങനെ കൊടുക്കാൻ വീഴ്ചവരുത്തിയാൽ അങ്ങനെയുള്ള തുക, അതിൻമേൽ മുൻപറഞ്ഞ നിരക്കിൽ കൊടുക്കേണ്ട പലിശ സഹിതം ഭൂമിക്കരക്കുടിശ്ശിക എന്നതുപോലെ വസൂലാക്കപ്പെടാവുന്നതുമായിരിക്കുന്നതും, ഇത് 14-ാം വകുപ്പിലെ വ്യവസ്ഥകൾക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും തുക 14-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ കോടതി വസൂലാക്കിയിട്ടുള്ളിടത്ത്, ആ തുക ഈ വകുപ്പിൻകീഴിൽ വസൂലാക്കാവുന്നതായിരിക്കുന്നതല്ല.

24. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്, വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

25. ചട്ടങ്ങളും പദ്ധതികളും പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്റ്റിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും ഏതൊരു പദ്ധതിയും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ രണ്ടോ അതിലധികമോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടുപിന്നീടുവരുന്ന സമ്മേളനം കഴിയുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിലോ പദ്ധ... ലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ

ഇരു സഭകളും ആ ചട്ടമോ പദ്ധതിയോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിനോ പദ്ധതിക്കോ, അ[illegible] സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉള്ള[illegible]യിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ഈ ചട്ടത്തിന്റെയോ പദ്ധതിയുടേയോ കീഴിൽ മുമ്പുചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

26. <u>വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെന്റിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്ത ഉത്തരവുവഴി ആ വിഷമത നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ നിശ്ചിത ദിവസം മുതൽ രണ്ടുവർഷക്കാലം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

27. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) കൂടുതൽ ഉപലബ്ധികൾ (നിർബന്ധിത നിക്ഷേപം) (1974-ലെ 8) ആർഡിനൻസ് ഇതിനാൽ റദ്ദാക്ക[illegible]ട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയെന്നിരുന്നാലും, അങ്ങനെ റദ്ദാക്കപ്പെട്ട ആർഡിനൻസിന്റെ കീഴിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ (അതിൻകീഴിൽ ചെയ്ത ഏതെങ്കിലും നിയമനമോ ഒഴിവാക്കലോ നാമനിർദ്ദേശമോ, നിദേശമോ ഉത്തരവോ ഉൾപ്പെടെ) ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്കു കീഴിൽ ചെയ്തിട്ടുള്ളതോ, എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതും; മുൻപറഞ്ഞ ആർഡിനൻസിന്റെ റദ്ദാക്കൽ ആ ആർഡിനൻസിനെതിരായി ചെയ്ത ഏതെങ്കിലും കുററം സംബന്ധിച്ച് നേരിട്ടുള്ള ഏതെങ്കിലും ദണ്ഡനത്തേയോ ശിക്ഷയേയോ, അല്ലെങ്കിൽ അങ്ങനെയുള്ള ദണ്ഡനമോ ശിക്ഷയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തേയോ നിയമനടപടിയേയോ ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ നിയമനടപടിയോ ആരംഭിക്കുകയോ തുടരുകയോ ചെയ്യുകയും അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ ശിക്ഷയോ ചുമത്തുകയും മുൻപറഞ്ഞ ആർഡിനൻസിലെ 12-ാം വകുപ്പും മുൻപറഞ്ഞ കാര്യങ്ങൾക്ക് ആവശ്യകമായ മററു വകുപ്പുകളും, ഈ ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നാലെന്ന പോലെ ചെയ്യാവുന്നതും ആകുന്നു.